# സദ്യനിരൂപണം

സഞ്ജയൻ



സദ്യനിരൂപണം

സഞ്ജയൻ

(മലയാളം: ലേഖനം)

© 2022, Sanjayan.

These electronic versions are released under the provisions of Creative Commons Attribution Non-commercial No-derives Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Merrymakers at Shrovetide, a painting by Frans Hals (1582–1666). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# സദ്യനിരൂപണം

പത്രാധിപന്മാരെ സദ്യയ്ക്കു ക്ഷണിച്ചാൽ അവർ മറ്റുള്ള അതിഥികളെപ്പോലെ ഊണു കഴിഞ്ഞ്, കൈ കഴുകി, ഗൃഹസ്ഥനോട്ട് യാത്രയും പറഞ്ഞ് പടിയിറങ്ങി സദ്യയുടെ കഥ തന്നെ മറന്നുകളയുന്നതിന്റെ രഹസ്യം എനിക്കു മനസ്സിലാകുന്നില്ല. ഇക്കാര്യത്തിൽ അവർക്കു ചില ബാദ്ധ്യതകളും ഉത്തരവാദിത്വവും ഒക്കെയുണ്ടെന്ന് അവർ എന്തുകൊണ്ടാണ് ആലോചിക്കാത്തത്? തങ്ങൾക്ക് വെറുതേ അനുഭവിക്കുവാൻ ആളുകൾ സമ്മാനിക്കുന്ന ഏതു വസ്തുവിന്റെയും നിഷ്പക്ഷമായ ഒരു ഗുണദോഷനിരൂപണം അവരുടെ പത്രങ്ങൾ മുഖേന വായനക്കാർക്ക് പ്രതീക്ഷിക്കുവാൻ അധികാരമുണ്ടെന്നുള്ള കഥ അവരറിയുകയില്ലേ? ഇല്ലെങ്കിൽ എന്തിനാണ് അവരെ പത്രാധിപന്മാരാക്കിയിരിക്കുന്നത്?

നിങ്ങളുടെയും എന്റെയും കാര്യം എടുക്കണ്ട. നമ്മളെ ഒരു സദ്യയ്ക്ക് ക്ഷണിച്ചാൽ, സമയത്തിനുമുൻപ് അവിടെ ഹാജരായി, കുറെ ആളുകളോടൊക്കെ മന്ദഹസിച്ച് ‘വന്നിട്ട് കുറച്ചു നേരമായി—ഇല്ലേ?’ എന്നോ മറ്റോ അർത്ഥമില്ലാത്ത കുറെ ‘ലോഗ്യം’ പറഞ്ഞ്, ഊണും കഴിഞ്ഞ് ഇറങ്ങിയാൽ കൈ തോർത്തുന്നത് പടി കടന്നിട്ട് മതി. നമ്മൾക്ക് ആരെങ്കിലും അവരവർ ഉണ്ടാക്കിയ കവിതയോ നോവലോ അയച്ചുതന്നാലും പതിവ് ഇതുതന്നെ. സമയമുണ്ടെങ്കിൽ വായിക്കും; വല്ല അഭിപ്രായവും തോന്നിയിട്ടുണ്ടെങ്കിൽ, അതു ഭാര്യയോടോ ഒന്നോ രണ്ടോ സ്നേഹിതന്മാരോടോ പറയും; നമ്മളാരും സദ്യയേയോ പുസ്തകത്തേയോ കുറിച്ചുള്ള നമ്മുടെ അഭിപ്രായം കൊട്ടിഘോഷിക്കാറില്ല: ഉണ്ടോ?

ഒരു വിദ്വാൻ പണ്ട് ശ്രമിച്ചിരുന്നുപോലും. സാപ്പാട്ട് കഴിച്ചുനില്ക്കുന്ന ഘട്ടത്തിൽ ഒരു ഒന്നാംപന്തിക്കാരനോട് രണ്ടാംപന്തിക്കാരൻ ‘സദ്യ എങ്ങനെ?’ എന്നു ചോദിച്ചുവത്രേ. ‘സദ്യ മഹാ...’ എന്നു പറഞ്ഞു തിരിഞ്ഞുനോക്കുമ്പോൾ ഗൃഹസ്ഥനുണ്ട് ഒരു പച്ചച്ചിരിയോടുകൂടി പിന്നിൽ നില്ക്കുന്നു! നമ്മുടെ വിമർശകൻ ഭക്ഷിച്ചതു മുഴുവൻ ദഹിച്ചുപോയ്. പക്ഷേ, അദ്ദേഹം വിട്ടില്ല: ‘നന്നായിരിക്കുന്നു’ എന്നു വേഗത്തിൽ പറഞ്ഞു തിരിഞ്ഞുനോക്കാതെ നടന്നുകളയുകയാണു ചെയ്തത്. പിന്നീട് അദ്ദേഹം ആ വീട്ടിൽനിന്ന് ഊണുകഴിച്ചത് ഗൃഹസ്ഥന്റെ ശ്രാദ്ധത്തിനായിരുന്നു. (ഇക്കഥ കുറച്ചു പഴയതാണെന്ന് എനിക്കറിയാം. നിങ്ങൾ മുൻപ് ഇതെവിടെയെങ്കിലും കേട്ട ആളാണെങ്കിൽ ചിരിക്കേണ്ട... തീർന്നില്ലേ?)

പ്രസ്തുതവിമർശകന്റെ ചരിത്രപ്രധാനമായ ബ്ലീച്ചടിയുടെ ശേഷമാണ് ആളുകൾ പബ്ലിക്കായി സദ്യകളെ വിമർശിക്കാത്തത്. പക്ഷേ, പത്രാധിപന്മാരെ അങ്ങനെ വിടാമോ? എന്നാണ് സഞ്ജയൻ ചോദിക്കുന്നത്. പത്രാധിപന്മാർക്കു ലജ്ജയോ, മര്യാദയോ, ദയയോ ഇല്ലെന്നുള്ളത് ഇന്നുള്ളതല്ലാ ജഗത്പ്രസിദ്ധം ദൃഢം. ‘ഒരു’ പത്രാധിപർക്കു വെറുതേ ഒരു പുസ്തകം അയച്ചുനോക്കുവിൻ

**പത്രാധിപർ:** തനിക്കെന്താണു പിടിച്ചുപോയത്?

**സഞ്ജയൻ:** എന്തെങ്കിലും ആയിക്കൊള്ളട്ടെ. ഞാൻ എനിയും എന്തൊക്കെ പറയാൻ പോകുന്നു! ഒരു പത്രാധിപർക്ക് ഒരു പുസ്തകം അയച്ചുകൊടുക്കിൻ! ‘വെറുതേ കിട്ടിയതല്ലേ? ആകപ്പാടെ തരക്കേടില്ല! എന്നു പറഞ്ഞേക്കാം’ എന്നൊരു നാട്ടുമര്യാദ ആ മനുഷ്യൻ വിചാരിക്കുമോ? ഈ ജന്മത്തിലില്ല, അതിലെ അച്ചടിപ്പിഴകൾകൂടി ആ മഹാപാപി എണ്ണിപ്പെറുക്കിപ്പറയും. പുസ്തകം അയച്ചുകൊടുത്ത വിഡ്ഢിക്കു കൂടി ‘ഇങ്ങനെ ഒരു വങ്കത്തം ഞാൻ ചെയ്തുപോയല്ലോ!’ എന്നു പശ്ചാത്താപം തുടങ്ങും. ഇത്രത്തോളം അമര്യാദ ഇങ്ങനെയാണ് ‘ഞങ്ങളുടെ’ അഭിപ്രായം എന്നും പറഞ്ഞു പ്രവർത്തിക്കുന്ന കൂട്ടർക്ക് എന്താണ് ചെയ്തുകൂടാത്തത്? ഞങ്ങൾ! ഏതു ‘ഞങ്ങൾ’?

അതുകൊണ്ട് എനിക്കു തോന്നുന്നത് പത്രാധിപന്മാരെക്കൊണ്ട് മേലിൽ സദ്യകളുടെ നിരൂപണങ്ങൾ എഴുതിക്കണമെന്നാണ്. സദ്യ പബ്ലിക് ഫങ്ഷനായതുകൊണ്ട് അതിനെ വിമർശിക്കുന്നത് പബ്ലിക് ഡ്യൂട്ടിയാണ്. നല്ലതിനെ സ്തുതിക്കണം; ചീത്തയെ ഇടിക്കണം.

‘പരിത്രാണായ സാധുനാം വിനാശായ ച ദുഷ്കൃതാം സദ്യസംസ്ഥാപനാർത്ഥായ.’

നല്ലതും ചീത്തയും ഇടകലർന്നുള്ളതിനെ സ്തുതിക്കുകയും ഇടിക്കുകയും വേണം. ഗൃഹസ്ഥന്റെയോ ‘ദേഹണ്ണക്കാരന്റെയോ’ മുഖം നോക്കരുത്. വിമർശനം പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞാൽ കുറച്ചു ദിവസത്തേക്കു ഗൃഹസ്ഥനെ കാണുമ്പോൾ വഴിമാറി പോയ്ക്കൊള്ളണം. ക്രമേണ അയാളുടെ ദേഷ്യം തണുക്കും. അടുത്തുപെരുമാറ്റം പിന്നീടു മതി. ധൈര്യമായിട്ടെഴുതണം. ‘ഞങ്ങൾ’ എഴുതുന്നതല്ലേ? ഞങ്ങൾക്ക് ആരോട്ട് സ്നേഹം?

‘സമോഹം സർവഭൂതേഷു ന മേ ദേഷ്യോസ്തി ന പ്രിയഃ’

പത്രാധിപന്മാർ എന്തു വിചാരിക്കുന്നു? ‘ഞങ്ങൾ’ക്ക് സമ്മതമാണോ? ആണെങ്കിൽ, രണ്ടു മൂന്ന് സാമ്പിളുകൾ സഞ്ജയൻ എഴുതി സമർപ്പിക്കുന്നത് അനുചിതമായിപ്പോകുമോ? നിങ്ങളുടെ കടലാസിന്റെ അഖിലമലബാർ സ്വന്തം സദ്യറിപ്പോർട്ടരുടെ സ്ഥാനം യോഗ്യത നോക്കി കൊടുക്കുമോ? എന്നെ നിശ്ചയിച്ചാൽ യാതൊരു പ്രതിഫലവുമില്ലാതെ ഞാൻ ജോലിയെടുക്കാം. പൊതുജനസേവനമാണ് എന്റെ ആദർശം. ദൈവത്താണേ നേര്! അതിന്—മേപ്പടി പൊതുജനസേവനത്തിന്—വേണ്ടി എന്തു കഷ്ടപ്പാടും ഞാൻ സഹിക്കുവാൻ തയ്യാറാണ്. സദ്യയല്ല സർവ്വാണികൂടി സ്വീകരിക്കേണ്ടിവരും എന്നു പറഞ്ഞാൽക്കൂടി ഞാൻ പിൻവാങ്ങുകയില്ല.

ആദ്യം ഞാൻ ഖണ്ഡനനിരൂപണത്തിന്റെ ഒരു മാതൃക ചേർക്കുന്നു:

‘പുവലാടത്ത് ഇട്ടിരാരിശ്ശമേനവനവർകളുടെ ക്ഷണം സ്വീകരിച്ച ഞങ്ങൾ (1) അദ്ദേഹത്തിന്റെ ഇരുപത്തൊന്നു വയസ്സ് തികയുന്ന പിറന്നാൾസദ്യയ്ക്കു ഹാജരായി. സദ്യ നടത്തുന്നതിൽ ഇത് മി. മേനവന്റെ ഇദംപ്രഥമമായ ശ്രമമാണെന്ന് അവിടെയുള്ള ബഹളവും ലഹളയും പാച്ചലും വീഴലുംകൊണ്ട് ധാരാളം തെളിയുന്നുണ്ട്. ഈ യുവ സദ്യകാരന്റെ വാസനയും പരിശ്രമശീലവും ഞങ്ങൾ അനുമോദിക്കുന്നവരല്ലെന്നില്ല. അതിഥികളെ മുഴുവൻ പുല്പായകളിൽ നിലവിളക്കിനു ചുറ്റും ഇരുത്തിയത് പഴയ പ്രസ്ഥാനത്തിനു യോജിച്ചതുതന്നെയെങ്കിലും പുതിയ പ്രസ്ഥാനക്കാർക്കു പിടിക്കുന്ന കാര്യം നന്നേ സംശയത്തിലാണ്. നേരെമറിച്ച്, ചോറും കറികളും വസ്സികളിലാക്കി മേശപ്പുറത്ത് ഏർപ്പാടു ചെയ്തത് പുതിയ പ്രസ്ഥാനത്തിന് അനുയുക്തമെങ്കിലും പഴമക്കാർക്ക് അതു രുചിക്കുകയില്ലെന്നു ധൈര്യസമേതം പറയാം. ആകപ്പാടെ ഈ വിഷയത്തിൽ കുറെ പരിചയം സിദ്ധിച്ച വല്ലവരുടേയും സഹായത്തെ മി. മേനോൻ അപേക്ഷിക്കേണ്ടതായിരുന്നു എന്നാണ് ഞങ്ങൾക്കു തോന്നുന്നത്. മി. മേനോന്റെ അടുത്ത ഉദ്യമത്തിന് ഞങ്ങൾ സർവ്വവിജയങ്ങളും ആശംസിച്ചുകൊള്ളുന്നു.’

എനി സമ്മിശ്രനിരൂപണത്തിന്റെ ഒരു സാമ്പിൾ പശ്യ:

പൊന്ത്യാമ്പള്ളി ത്രിവിക്രമൻ തിരുമുൽപ്പാട്ട് ഈ മാസം 1-നു നടത്തിയ മകന്റെ ചോറൂണസദ്യയാണ്, ഇക്കൊല്ലം ഇതുവരെ പ്രസിദ്ധപ്പെടുത്തിയ സദ്യകളിൽ പ്രാഥമ്യം വഹിക്കുന്നത്. ഇദ്ദേഹം ഇതിനു മുൻപ് അനേകം വമ്പിച്ച സദ്യകൾ രചിച്ച പേരെടുത്തിട്ടുള്ള ഒരു സഹൃദയനും സദ്യരസികനുമാകയാൽ, ഈ ലഘുസദ്യയിന്മേലല്ലാ അദ്ദേഹത്തിന്റെ കീർത്തി നില്ക്കുന്നതെന്ന് എളുപ്പത്തിൽ പറയാം. പക്ഷേ, ഒരു മഹാസദ്യയായില്ലെങ്കിലും, ഒരു യഥാർത്ഥസദ്യകാരന്റെ യോഗ്യത അയാളുടെ ഖണ്ഡസദ്യകളിലും കാണപ്പെടുമെന്നാണ് ഞങ്ങൾക്കു പറയാനുള്ളത്.

അതിഥികളെ സ്വീകരിക്കുന്ന രീതിയിലും, അവരോടു കുശലം പറയുന്ന സമ്പ്രദായത്തിലും ഈ സുപ്രസിദ്ധ സദ്യകാരന്റെ ആശയശുദ്ധിയും സാരസ്യവും നൈപുണ്യവും ഒഴുക്കും തഴക്കവും തെളിഞ്ഞുകാണ്മാനുണ്ട്.

മി. അയ്യോസ്വാമിയായിരുന്നു വെപ്പുകാരൻ. പേരെടുത്ത ഒരു പാചക പ്രമാണിയെന്ന നിലയിൽ മി. അയ്യോസ്വാമി ഞങ്ങളുടെ വായനക്കാരിൽ അധികം പേർക്കും സുപരിചിതനായിരിക്കണം. ഇദ്ദേഹത്തിന്റെ വൈദഗ്ദ്ധ്യം നേരിട്ടനുഭവിക്കാത്തവരായി ഈ പ്രദേശക്കാരിൽ ആരും ഉണ്ടെന്നു തോന്നുന്നില്ല.

മി. സ്വാമിയുടെ രചനാഗുണം അന്നന്നു കൂടിവരികയാണ്. വിശേഷിച്ച് ഈയിടെയായി സാമ്പാറിന് എരുവ് ചേർക്കുന്ന വിഷയത്തിൽ ഇദ്ദേഹം ശ്രദ്ധവെക്കുന്നുണ്ടെന്നു കണ്ടതിൽ ഞങ്ങൾ വളരെ സന്തോഷിക്കുന്നു. ചെറുപ്പകാലത്ത് ഇദ്ദേഹം ഇക്കാര്യത്തിൽ കടുപ്പക്കൈ കാണിച്ച ഒരാളാണെന്ന് ഞങ്ങൾ നേരിട്ടറിഞ്ഞ സംഗതിയാണ്. (അക്കാലത്ത് ഒരു ദിവസം സാമ്പാർ കൂട്ടി കണ്ണിൽ വെള്ളം നിറഞ്ഞുപോയതിനാൽ ഞങ്ങളാണ് ഇയാൾക്ക് ‘അയ്യോ! സ്വാമി!’ എന്ന സ്ഥാനപ്പേരു കൊടുത്തിരുന്നത്. ഇദ്ദേഹത്തിന്റെ യഥാർത്ഥ നാമധേയം ശൂപ്പണ്ണാവെന്നാണ്.)

കൂട്ടുകറിയും മറ്റു കറികളും പതിവുപോലെയുള്ള പദാർത്ഥവിജ്ഞാനത്തോടുകൂടിത്തന്നെയാണ് മി. സ്വാമി രചിച്ചിട്ടുള്ളത്.

പക്ഷേ, ചില ദോഷങ്ങൾ ഞങ്ങൾ അവിടവിടെയായി കണ്ടെത്തിയിട്ടില്ലെന്നു വിചാരിച്ച് മി. സ്വാമി അധികം ഞെളിയുകയും വേണ്ട. ഉപ്പേരി സാധാരണ പച്ചമലയാളികൾക്കു കടിച്ചാൽപൊട്ടാത്ത വിധത്തിൽ കഠിനമായിപ്പോയില്ലേ എന്നു ഞങ്ങൾ സംശയിക്കുന്നു. പ്രകൃത്യാ ലളിതമായിരിക്കേണ്ടുന്ന ചേന ഉപ്പേരിയുടെ കാര്യത്തിലിതൊരു ഗണ്യമായ ദോഷംതന്നെയാണ്. പരിപ്പുപ്രഥമൻ എന്തിനാണ് ഇത്ര മാധുര്യം? വറവ് സ്വല്പം കരിക്കുന്നത് കൂട്ടാന്റെ രുചിയെ വർദ്ധിപ്പിക്കുമെന്നു ചില സദ്യമർമ്മജ്ഞന്മാർക്കും അഭിപ്രായമുള്ളതായി ഞങ്ങൾ അറിയും. പക്ഷേ, ഞങ്ങൾ ആ അഭിപ്രായക്കാരല്ല. അതായിരിക്കാം മി. സ്വാമിയുടെ വറുത്തെരുശ്ശേരി അദ്ദേഹത്തിന്റെ ഓലനെപ്പോലെ ഞങ്ങൾക്കു പിടിക്കാഞ്ഞത്. ഒരു സംഗതികൂടി ഞങ്ങൾ വെറും സ്നേഹബുദ്ധ്യാ മി. സ്വാമിയോടു പറഞ്ഞുകൊള്ളട്ടെ ‘അവിയലിൽ എന്തും ചേരും’ എന്നുള്ള പഴമൊഴിയെ കണ്ണടച്ചു വിശ്വസിച്ച് ‘എന്തും’ ചേർക്കുന്നത് കഷ്ടമാണ്. അവിയലാണെന്നു വിചാരിച്ച്, അതിൽ അജാളിയും ചതകുപ്പയും ആവണക്കെണ്ണയും കിരിയാത്തും ചേർത്താലോ?

പക്ഷേ, എന്തു പറഞ്ഞാലെന്താണ്! ചില്ലറ ദോഷം ഗുണസന്നിപാതത്തിൽ, മഹാസമുദ്രത്തിൽ ചെറുകല്ലിനെപ്പോലെ, നിമജ്ജതി. പാലിലട വന്നപ്പോളാണ് മി. സ്വാമിയുടെ സാക്ഷാൽ സ്വരൂപം പ്രത്യക്ഷപ്പെട്ടത്. ജഗദീശ്വരാ! എന്തൊരു ലാളിത്യമായിരുന്നു! എന്തൊരു നിറം! എന്തൊരു മാധുര്യം! ഉദാഹരണത്തിന് ഒന്നുരണ്ടു കയ്യിൽ ഇവിടെ വിളമ്പുവാൻ നിവൃത്തിയില്ലല്ലോ എന്നാണു ഞങ്ങളുടെ ഒരൊറ്റ വ്യസനം. മി. സ്വാമിയുടെ പാൽപ്രഥമൻ, രവിവർമയുടെ കലാകൌശലക്കൊടുമുടികളിൽ എവറസ്റ്റായ ‘മോഹിനി’ എന്ന പടത്തെയാണ് ഞങ്ങളുടെ ഓർമ്മച്ചുമരിൽ ആണിയടിച്ചുതൂക്കുന്നത്. ഞങ്ങൾ എത്ര പ്രാവശ്യമാണ് ഒരിരുപ്പിൽ ഇതിനെ പാരായണം ചെയ്തതെന്നു ഞങ്ങൾക്ക് ഓർമ്മയില്ല. ഊണു കഴിഞ്ഞ് അതിഥികളൊക്കെ പോയതിനുശേഷം സ്വകാര്യമായി ഒരു കോപ്പയിൽ ഞങ്ങൾ ഇതിനെ വീണ്ടും പാരായണം ചെയ്തു. എനിയും ഇതെവിടെയെങ്കിലും കണ്ടാൽ ഞങ്ങൾ എനിയും ഇതിനെ പാരായണം ചെയ്യും. മി. സ്വാമിക്ക് പ്രസാധകനായ മി. തിരുമുല്പാട്ട് കൊടുത്ത പ്രതിഫലം, എത്രയായാലും ഒട്ടും അധികമായിപ്പോവുകയില്ലെന്നാണ് ഞങ്ങളുടെ പൂർണ്ണാഭിപ്രായം.

ടീപ്പാർട്ടി, ഗാർഡൻപാർട്ടി, വെറും തമാശച്ചായവിരുന്ന് (ഹാസസദ്യപ്രസ്ഥാനം) മുതലായവയുടെ നിരൂപണപദ്ധതി ഇതിൽനിന്നു കുറച്ചു വ്യത്യസ്തമാണ്. അവയുടെ സാമ്പിളുകൾ കൊടുപ്പാൻ സ്ഥലം മതിയാവുകയില്ല. എങ്കിലും എനിക്ക് ഇതു ചെയ്യാൻ കഴിയുമെന്ന് നിങ്ങൾക്കു ബോദ്ധ്യമായില്ലേ? വേണമെങ്കിൽ ഗൃഹപ്രവേശങ്ങളേയും, വനിതാസമ്മേളനങ്ങളേയും, പാലം, നിരത്തു വായനശാല മുതലായവയുടെ ഉൽഘാടനങ്ങളേയും, സുഗന്ധസോപ്പുകളേയും സഞ്ജയൻ ഇതേ തോതിൽ വിമർശിക്കാം.

**പത്രാധിപർ:** വനിതാ സമ്മേളനങ്ങളേയോ?

**സഞ്ജയൻ:** അതെ, എന്താണ്?

**പത്രാധിപർ:** ഒന്നുമില്ല; ഞങ്ങൾ സ്വീകരിക്കുകയില്ല.

**സഞ്ജയൻ:** വേണ്ട, ഞാൻ തനിയേ വായിച്ചു രസിക്കും. അതിനു നിങ്ങളുടെ ശിപാർശി വേണ്ടല്ലോ!

□

## സഞ്ജയൻ



പ്രശസ്തനായ ഒരു മലയാള സാഹിത്യകാരനാണ് സഞ്ജയൻ. സഞ്ജയൻ എന്നത് തൂലികാനാമമാണ്, യഥാർത്ഥനാമം മാണിക്കോത്ത് രാമുണ്ണിനായർ (എം. ആർ. നായർ) എന്നാണ്. (ജനനം: 1903 ജൂൺ 13 – മരണം: 1943 സെപ്റ്റംബർ 13). തലശ്ശേരിക്കടുത്ത് 1903 ജൂൺ 13-ന് ജനിച്ചു. തന്റെ കൃതികളിൽ സഞ്ജയൻ, പാറപ്പുറത്ത് സഞ്ജയൻ, പി. എസ്. എന്നിങ്ങനെ പലപേരിലും അദ്ദേഹം സ്വയം പരിചയപ്പെടുത്തുന്നുണ്ട്.

## കുടുംബം

1903 ജൂൺ 13-ന് തലശ്ശേരിക്കടുത്ത് ഒതയോത്ത് തറവാട്ടിൽ മാടാവിൽ കുഞ്ഞിരാമൻ വൈദ്യരുടെയും പാറുവമ്മയുടെയും മകനായാണ് സഞ്ജയൻ ജനിച്ചത്. പിതാവ് തലശ്ശേരി ബാസൽ മിഷൻ ഹൈസ്കൂളിൽ മലയാളപണ്ഡിതനായിരുന്നു. കടത്തനാട്ടു രാജാവ് കല്പിച്ചുകൊടുത്ത സ്ഥാനപ്പേരായിരുന്നു വൈദ്യർ എന്നത്. കവിയും ഫലിതമർമ്മജ്ഞനും സംഭാഷണചതുരനുമായിരുന്ന കുഞ്ഞിരാമൻ വൈദ്യർ 42-ാം വയസ്സിൽ മരിച്ചുപോയി. അച്ഛന്റെ കാലശേഷം രാവുണ്ണിയും സഹോദരങ്ങളും മാടാവ് വിട്ട് ഒതയോത്തേക്ക തിരിച്ചുപോന്നു.

വൈദ്യരുടെ രണ്ടാമത്തെ പുത്രനായിരുന്നു രാമുണ്ണി. രണ്ടു വയസ്സിനു മൂപ്പുള്ള, മൂത്തമകൻ കരുണാകരൻ നായർ റവന്യൂ വകുപ്പിൽ തഹസീൽദാരായിരുന്നു. നല്ല കവിതാവാസനയുണ്ടായിരുന്ന കരുണാകരൻ നായർ രാമുണ്ണി നായർ മരിക്കുന്നതിന് ഒന്നര വർഷം മുമ്പേ മരിച്ചുപോയി.

എം. ആറിന്റെ ഇളയ സഹോദരിയായിരുന്നു പാർവ്വതി എന്ന പാറുക്കുട്ടി. എം. ആറിനു വളരെയധികം വാത്സല്യമുണ്ടായിരുന്ന അനുജത്തിയെ പി. കുട്ടി എന്നായിരുന്നു അദ്ദേഹം വിളിച്ചിരുന്നത്. കോഴിക്കോട്ടു സാമൂതിരി ഹൈസ്കൂൾ ഹെഡ് മാസ്റ്ററായിരുന്ന പി. കുഞ്ഞിരാമൻ നായരായിരുന്നു പാറുക്കുട്ടിയുടെ ഭർത്താവ്.

വൈദ്യരുടെ അകാലചരമത്തിനുശേഷം ഏറെ വർഷങ്ങൾ കഴിഞ്ഞപ്പോൾ, വേണ്ടപ്പെട്ടവരുടെ നിർബന്ധത്തിനു വഴങ്ങി സഞ്ജയന്റെ അമ്മ, പിണറായി പുതിയ വീട്ടിൽ ഡോ. ശങ്കരൻ നായരെ പുനർവിവാഹം ചെയ്തു. ഇങ്ങനെ കുഞ്ഞിശങ്കരൻ, ബാലകൃഷ്ണൻ, ശ്രീധരൻ എന്നീ പേരുകളിൽ മൂന്ന് അനുജന്മാരെക്കൂടി രാമുണ്ണിയ്ക്ക് ലഭിച്ചു.

## വിദ്യാഭ്യാസം

തലശ്ശേരി ബ്രാഞ്ച് സ്കൂൾ, തലശ്ശേരി ബ്രണ്ണൻ കോളേജ്, പാലക്കാട് വിക്ടോറിയാ കോളേജ്, ചെന്നൈ ക്രിസ്ത്യൻ കോളേജ്, തിരുവനന്തപുരം ലോ കോളേജ് എന്നിവിടങ്ങളിലാണ് പഠിച്ചത്. 1919-ൽ പാലക്കാട് വിക്ടോറിയാ കോളേജിൽ അദ്ദേഹം ഇന്റർമീഡിയറ്റിനു ചേർന്നു.

## സാഹിത്യപ്രവർത്തനം

1927-ൽ ലിറ്ററേച്ചർ ഓണേഴ്സ് ജയിച്ച സഞ്ജയൻ 1936-ലാണ് പ്രശസ്തമായ “സഞ്ജയൻ” എന്ന ഹാസ്യസാഹിത്യമാസിക ആരംഭിക്കുന്നത്. 1938 മുതൽ 1942 വരെ മലബാർ ക്രിസ്ത്യൻ കോളേജിൽ അദ്ധ്യാപകനായിരുന്ന കാലത്താണ് വിശ്വരൂപം എന്ന ഹാസ്യസാഹിത്യമാസിക പ്രസിദ്ധീകരിക്കുന്നത്. 1935 മുതൽ 1942 വരെ കോഴിക്കോട് കേരളപത്രികയുടെ പത്രാധിപനായിരുന്ന സഞ്ജയന്റെ പ്രധാനകൃതികൾ സാഹിത്യനികഷം (രണ്ട് ഭാഗങ്ങൾ), സഞ്ജയൻ (ആറ് ഭാഗങ്ങൾ), ഹാസ്യാഞ്ജലി, ഒഥല്ലോ (വിവർത്തനം) തുടങ്ങിയവയാണ്. അദ്ദേഹത്തിന്റെ സഞ്ജയോപഖ്യാനമെന്ന കവിതയും പ്രസിദ്ധമാണ്. കുഞ്ചൻ നമ്പ്യാർക്കു ശേഷമുള്ള മലയാളത്തിലെ വലിയ ഹാസ്യസാമ്രാട്ടായിട്ടാണ് സഞ്ജയൻ അറിയപ്പെടുന്നത്. കവി, പത്രപ്രവർത്തകൻ, നിരൂപകൻ, തത്ത്വചിന്തകൻ, ഹാസ്യപ്രതിഭ എന്നീ നിലകളിൽ പ്രശസ്തനായിരുന്നു. പരിഹാസപ്പുതുപനിനീർച്ചെടിക്കെടോ ചിരിയത്രേ പുഷ്പം, ശകാരം മുള്ളു താൻ എന്ന അഭിപ്രായക്കാരനായിരുന്ന അദ്ദേഹം.

## മരണം

1943 സെപ്റ്റംബർ 13-ന് കുടുംബസഹജമായിരുന്ന ക്ഷയരോഗം മൂർച്ഛിച്ച് അന്തരിച്ചു.

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.